(ബി) സുപ്രീം കോടതി വിധി നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കാതെ ഗസ്റ്റ് ലക്ചറർ നിയമനം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എം.എം. ഡോളിച്ചൻ ആന്റ് അതേഴ്സ് സമർപ്പിച്ച സ്പെഷ്യൽ ലീവ് റ്റു അപ്പീൽ നമ്പർ 18236-18237/98 ൽ സുപ്രീം കോടതി 1998 ഡിസംബർ 3-ാം തീയതി നൽകിയ ഉത്തരവിൽ, ഒ.പി. നം. 11488/1998 പി, 11121/1998 എന്നിവയിൽ കേരള ഹൈക്കോടതി 1998 ഓഗസ്റ്റ് 18 ന് നൽകിയ ഉത്തരവ് താൽക്കാലികമായി സ്റ്റേ ചെയ്തു. ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരുടെ തസ്തികകളിൽ 25 ശതമാനം സർവീസിലുള്ള അദ്ധ്യാപകർക്കും ബാക്കി മറ്റുള്ളവർക്കുമായി നീക്കിവച്ചുകൊണ്ടുള്ള ഗവണ്മെന്റ് ഉത്തരവിനെ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു ഹൈക്കോടതി വിധി.

സുപ്രീം കോടതിയുടെ സ്റ്റേ തുടർന്നുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് തടസ്സമായതിനാൽ ആയതിന് അനുമതി തേടിക്കൊണ്ട് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു.

1999 ഫെബ്രുവരി ഒന്നാം തീയതി സുപ്രീം കോടതി നൽകിയ ഉത്തരവിൽ, താൽക്കാലികാടിസ്ഥാനത്തിൽ ഹഡ്കോക്ക് നിയമനങ്ങൾ നടത്തുന്നതിന് സർക്കാരിനെ അനുവദിച്ചു. 1997-ൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നോ, ലിസ്റ്റിൽ യോഗ്യതയുള്ളവർ ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഈ നിയമനങ്ങൾ നടത്താനാണ് അനുമതി.

(ബി) വിധി നടപ്പിലാക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 7 വിഷയങ്ങളിൽ എംപ്ലോയ്മെന്റ് നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 6 വിഷയങ്ങളിൽ നിയമനത്തിനുള്ള ഇന്റർവ്യൂ നടത്തി കഴിഞ്ഞിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ എംപ്ലോയ്മെന്റ് നിയമനങ്ങൾക്കും, സർവീസിലുള്ള അദ്ധ്യാപകരുടെ നിയമനങ്ങൾക്കും ചില വിഷയങ്ങൾക്കെങ്കിലും കാലതാമസമുണ്ടാകുമെന്നതിനാൽ, ഈ വിടവ് നികത്തുന്നതിന് താൽക്കാലികാടിസ്ഥാനത്തിൽ ഗസ്റ്റ് ടീച്ചർമാരെ നിയമിക്കാൻ പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ക്ലാസുകൾ മുടങ്ങുകയില്ലെന്ന് ഉറപ്പുവരുത്താനാണിത്.

36 (1580) മാള നിയോജകമണ്ഡലത്തിലെ പ്ലസ് ടു സ്കൂളുകൾ

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്കൂളിൽ പ്ലസ് ടു അനുവദിക്കണമെന്ന അപേക്ഷ നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അഞ്ച് സ്കൂളുകളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. പി.വി.എം.എച്ച്.എസ്. ആളൂർ.
2. എ.കെ.എം.എച്ച്.എസ്. പൊയ്യക.
3. ശ്രീനാരായണ വിലാസം, ആളൂർ എച്ച്.എസ്.
4. സോക്രസോ കോൺവെന്റ്, മാള എച്ച്.എസ്.
5. ഗവണ്മെന്റ് ഹൈസ്കൂൾ, ഐരാണികുളം.

37 (1581) പ്ലസ് ടൂ കോഴ്സ്

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്ത് പ്ലസ് ടൂ വിന് ആകെ എത്ര സീറ്റുകൾ വിവിധ വിഷയങ്ങളിൽ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് പ്രസ്തുത വിദ്യാഭ്യാസ വർഷം അഡ്മിഷൻ നടന്നുവെന്നത് വ്യക്തമാക്കുമോ;

(സി) പ്ലസ് ടൂ വിന് ചേരാതെ വലിയ ഒരു വിഭാഗം വിദ്യാർത്ഥികൾ പാരലൽ കോളേജുകളിൽ ചേരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്ലസ് ടൂ സ്കൂളുകളുടെ സൗകര്യം മെച്ചപ്പെടുത്താനായി എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1998-99 വിദ്യാഭ്യാസ വർഷത്തിൽ പ്ലസ് ടൂ വിന് വിവിധ വിഷയങ്ങളിലായി ആകെ 74,480 സീറ്റുകൾ ഉണ്ടായിരുന്നു. സയൻസ് ഗ്രൂപ്പ് - 39,930 സീറ്റ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പ് - 18,600 സീറ്റ്, കോമേഴ്സ് ഗ്രൂപ്പ് - 15,950.

(ബി) ഏകദേശം 80 ശതമാനം സീറ്റുകളിലേയ്ക്ക് അഡ്മിഷൻ നടന്നു.

(സി) ഇല്ല.

(ഡി) ഗവണ്മെന്റ് മേഖലയിലുള്ള പ്ലസ് ടൂ സ്കൂളുകളിൽ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി, അതായത് ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞ വർഷം 410 ലക്ഷം രൂപ അനുവദിച്ചു. അതുപോലെ തന്നെ എയിഡഡ് സ്കൂളുകളിൽ ലബോറട്ടറി, ലൈബ്രറി, ക്ലാസ് മുറികൾ എന്നിവ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശാനുസരണമോ എന്നറിയുവാൻ പരിശോധന നടത്താറുണ്ട്.

38 (1582) സ്കൂളുകളിലെ കംപ്യൂട്ടർ പരിശീലനം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ കംപ്യൂട്ടർ പരിശീലനം നടത്തുന്ന സ്കീം 14 ജില്ലകളിലും നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly